2009, ഖുത്ബ നമ്പര്‍- 01

بسم الله الرحمن الرحيم

02.01.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# സൂര്യ ചന്ദ്ര വര്‍ഷത്തിലെ ആദ്യത്തെ ജുമുആ

നാം ഇപ്പോള്‍ മുഹര്‍റം മാസത്തിലൂടെയാണ് കടന്നുപോകുന്നത്. ഇന്ന് മുഹര്‍റം മാസത്തിലെ 4-ാം തിയ്യതിയാണ്. 2009 ജനുവരി 2-ാം തിയ്യതിയും. യാദൃശ്ചികമായി ചന്ദ്രവര്‍ഷത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയും അതേപോലെ സൂര്യവര്‍ഷത്തിലെ അഥവാ ക്രിസ്തുവര്‍ഷത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയും ഇന്നാണ്. ഈ രണ്ട് വര്‍ഷത്തെയും കലണ്ടറിന്റെ അടിസ്ഥാനത്തില്‍ ആദ്യത്തെ ജുമുആ ഒരുമിച്ച് വന്നത് അല്ലാഹു തആല അഹ്മദിയ്യാ ജമാഅത്തിന് അതിരറ്റ അനുഗ്രഹത്തിന് കാരണമാക്കിത്തീര്‍ക്കട്ടെ. ഇതിനെ മുന്‍നിര്‍ത്തി ദുആ ചെയ്യേണ്ട കാര്യത്തിലേക്ക് ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. ജുമുആ ദിവസത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലവുമായി പ്രത്യേക ബന്ധമുണ്ടെന്ന കാര്യം ജമാഅത്ത് ഗ്രന്ഥങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലും കാണാന്‍ സാധിക്കുന്നതാണ്. ഇക്കാര്യം പല ഖുത്ബകളിലും ഞാനും പറഞ്ഞിട്ടുള്ളതാണ്. ഭൗതികത കൊടികുത്തി വാഴുന്ന ഇക്കാലത്ത് മുസ്‌ലിംകള്‍ക്കിടയില്‍ ജുമുആയുടെ പ്രാധാന്യം ഇല്ലാതായിത്തീര്‍ന്നിരിക്കുന്നു. ഇക്കാലത്ത് ഇങ്ങിനെ ആയിത്തീരുമായിരുന്നതുകൊണ്ട് അല്ലാഹുതആല ഇബാദത്തിനെക്കുറിച്ചും പ്രത്യേകമായി ജുമുആ നമസ്കാരത്തെക്കുറിച്ചും സൂറത്തുല്‍ ജുമുആയില്‍ മുസ്‌ലിംകളെ ഓര്‍മ്മപ്പെടുത്തുകയുണ്ടായി. നിങ്ങള്‍ എപ്പോഴും ഭൗതിക കാര്യങ്ങളില്‍ തന്നെ മുഴുകി ഇരിക്കരുത്. എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം അല്ലാഹുവിന്റെ അസ്തിത്വമാണെന്ന് ഓര്‍മ്മ വെക്കുക. അതുകൊണ്ട് ജുമുആ നമസ്കാരത്തില്‍ ശ്രദ്ധിക്കുക. നമസ്കാരത്തില്‍നിന്നും വിരമിച്ചാല്‍ നിങ്ങളുടെ ജോലികളില്‍ വ്യാപൃതരാവുകയും ചെയ്യുക. അങ്ങിനെ അല്ലാഹുവിന്റെ ഫള്‌ല്‍ അന്വേഷിക്കുക.

ഈ സൂറത്തിന്റെ പ്രാരംഭത്തില്‍ ആഖരീങ്ങളില്‍ റസൂല്‍(സ)ന്റെ ഒരു സത്യസന്ധനായ ദാസന്റെ ആഗമനത്തെക്കുറിച്ചുള്ള സുവാര്‍ത്തയും നല്‍കിയിട്ടുണ്ട്. ആ മഹാത്മാവ് തിരുനബി(സ)യുടെ ആഗമനോദ്ദേശ്യം പൂര്‍ത്തീകരിക്കുന്നതിന്നായി തിരുനബിയുടെ പ്രവര്‍ത്തനങ്ങളെ മുന്നോട്ട് നയിച്ചുകൊണ്ട് വിശുദ്ധഖുര്‍ആന്റെ അദ്ധ്യാപനങ്ങളെ ലോകത്ത് പ്രചരിപ്പിക്കുന്നതാണ്. അതോടൊപ്പം ആത്മാക്കളെ വിശുദ്ധീകരിക്കുകയും ഹിക്മത്ത് പഠിപ്പിക്കുകയും ചെയ്യുന്നതാണ്. ഇതുമൂലം ലോകര്‍ അവരുടെ ദൈവത്തെ തിരിച്ചറിയുന്നവരായി മാറുകയും മുസ്‌ലിംകള്‍ ഏക സമൂഹമായി *ഉമ്മത്തെ വാഹിദ*യായിത്തീരുകയും ചെയ്യുന്നതാണ്. മറ്റു സമൂഹത്തിലെ സദ്പ്രകൃതക്കാര്‍ ഒരുകൈയ്യില്‍ ഒരുമിച്ച് ചേര്‍ന്ന് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി ത്തീരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇത് വിശദീകരിച്ചുകൊണ്ട് പറയുന്നു:

*തിരുനബി (സ) ന്റെ ആഗമനോദ്ദേശ്യത്തില്‍ ഒന്ന് ദീന്‍ പൂര്‍ത്തീകരിക്കുക എന്നതും അടങ്ങിയിരുന്നു. ദീന്‍ പൂര്‍ത്തീകരണത്തിന് രണ്ട് പ്രത്യേകതകളാണുള്ളത്. ഒന്ന് ഹിദായത്തിന്റെ പൂര്‍ത്തീകരണം(തക്മീലെ ഹിദായത്ത്), രണ്ട് ഹിദായത്തിന്റെ പ്രചാരണ പൂര്‍ത്തീകരണം (തക്മീലെ ഇശാഅത്തെ ഹിദായത്ത്). ഹിദായത്തിന്റെ പൂര്‍ത്തീകരണകാലം തിരുനബി(സ) ജീവിച്ച കാലമാണ്. എന്നാല്‍ പ്രചാരണപൂര്‍ത്തീകരണകാലം തിരുനബി(സ)ന്റെ രണ്ടാം നിയോഗകാലമാണ്. ആ കാലം ആഖരീന മിന്‍ഹും ലമ്മാ യല്‍ഹകൂ ബിഹിം എന്ന് പറഞ്ഞ കാലമാണ്. ആ കാലം ഇപ്പോഴാണ്. അതായത് എന്റെ കാലം, വാഗ്ദത്ത മസീഹിന്റെ കാലം. അതുകൊണ്ട് അല്ലാഹു തആല ഹിദായത്ത് പൂര്‍ത്തീകരണകാലത്തെയും ഹിദായത്തിന്റെ പ്രചരണ പൂര്‍ത്തീകരണകാലത്തെയും ഒരുമിപ്പിക്കുകയുണ്ടായി. ഇതും ഒരു മഹത്തായ ഒരുമിച്ചുകൂടലാണ്.*

തക്മീലെ ഹിദായത്ത് (ഹിദായത്ത് പൂര്‍ത്തീകരണം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തിരുനബി (സ) ന്റെ ആഗമനത്തോടുകൂടി അല്ലാഹു തആല ഭൗതികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളെയും അതിന്റെ ഉത്തുംഗതയില്‍ എത്തിക്കുകയുണ്ടായി. ഈ പരിപൂര്‍ണ്ണ ദീനിനുശേഷം പുതിയ ഒരു ദീനിന്റെയോ പുതിയ ഒരു ശരീഅത്തിന്റെയോ ആവശ്യമില്ലാതെയായി. ഭൗതിക അനുഗ്രഹങ്ങള്‍ ഇനിയും അതിന്റെ പൂര്‍ണ്ണതയില്‍ എത്തിയിട്ടില്ലല്ലോ എന്ന് ചിലര്‍ പറഞ്ഞേക്കാം. നിത്യവും പുതിയ പുതിയ കണ്ടുപിടിത്തങ്ങള്‍ നടന്നുകൊണ്ടിരിക്കുന്നില്ലേ എന്നും ചോദിച്ചേക്കാം.

ഇവിടെ നാം മനസ്സിലാക്കേണ്ടത് തിരുനബി(സ) പരിപൂര്‍ണ്ണ പ്രവാചകനാണ്, അദ്ദേഹത്തെ മാനവകുലത്തിനാകമാനമായാണ് അയച്ചിട്ടുള്ളത്. അങ്ങയുടെ കാലം ഖിയാമത്തുനാള്‍ വരെയുമാണ്. അങ്ങയില്‍ ഇറങ്ങിയിരിക്കുന്ന പരിപൂര്‍ണ്ണഗ്രന്ഥമായ വിശുദ്ധഖുര്‍ആനില്‍ മുമ്പുള്ള ചരിത്രവും അടങ്ങിയിട്ടുണ്ട്, പുതിയ കല്‍പ്പനകളും ഉള്‍ക്കൊണ്ടിട്ടുണ്ട്. അതേപോലെ ഇന്ന് കണ്ടുപിടിക്കുന്ന കാര്യങ്ങളെ കുറിച്ച് നേരത്തെത്തന്നെ അതില്‍ പ്രവചനങ്ങള്‍ അടങ്ങിയിട്ടുമുണ്ട്. പുതിയ കണ്ടുപിടിത്തങ്ങള്‍ നടക്കുമ്പോള്‍ അതിനെകുറിച്ചുള്ള സൂചനകള്‍ വിശുദ്ധ ഖുര്‍ആനില്‍നിന്നും ലഭിക്കുന്നു. മുസ്‌ലിം ശാസ്ത്രജ്ഞന്മാര്‍ തങ്ങളുടെ ഗവേഷണങ്ങള്‍ വിശുദ്ധഖുര്‍ആന്റെ പ്രവചനങ്ങളെ അടിസ്ഥാനമാക്കി നടത്തുകയാണെങ്കില്‍ അതുമല്ലെങ്കില്‍ വിശുദ്ധഖുര്‍ആനില്‍ ഒരു ഖജനാവ് പോലെ ശേഖരിച്ചുവെച്ചിട്ടുള്ള വിജ്ഞാനത്തിന്റെ അടിസ്ഥാനത്തില്‍ നടത്തുകയാണെങ്കില്‍ പുതിയ പുതിയ കണ്ടുപിടിത്തങ്ങള്‍ക്ക് വിശുദ്ധഖുര്‍ആന്‍ വഴി കാണിക്കുന്നതാണ്. പ്രൊഫസര്‍ ഡോക്ടര്‍ അബ്ദുസ്സലാം സാഹിബും തന്റെ റിസര്‍ച്ച്

വിശുദ്ധഖുർആന്റെ വെളിച്ചത്തിലാണ് നടത്തിയിരുന്നത്. ഇക്കാര്യം ഞാൻ നേരത്തെ പലവുരു പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിശുദ്ധ ഖുർആനിൽ എഴു നൂറോളം ആയത്തുകൾ സയൻസുമായി ബന്ധപ്പെട്ടതാണ്. അതല്ലെങ്കിൽ സയൻസിലേക്ക് വെളിച്ചം വീശുന്ന ഇത്രയും ആയത്തുകൾ ഉണ്ട്. ഇത് അദ്ദേഹത്തിന്റെ നിഗമനമാണ്. ഇനി ഏതെങ്കിലും അഹ്മദീ ശാസ്ത്രജ്ഞൻ ഈ മഹാ സമുദ്രത്തിൽ മുങ്ങിത്തപ്പുകയാണെങ്കിൽ ഒരു പക്ഷെ വിശുദ്ധഖുർആനിൽ നിന്ന് ശാസ്ത്രവുമായി ബന്ധപ്പെട്ട ഇതിനെക്കാളും കൂടുതൽ മുത്തുകൾ കണ്ടു പിടിച്ചേക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, തിരുനബി (സ)ന്റെ ആഗമനത്തോടുകൂടി ഹിദായത്തിന്റെ പൂർത്തീ കരണം സംഭവിച്ചുകഴിഞ്ഞു. വൈജ്ഞാനികമോ, ദീനീപ രമോ, ശാസ്ത്രീയമോ, ആത്മീയമോ ആയ ഒരറിവും തന്നെ തിരുനബി(സ) മുഖേനയോ ആ പുണ്യാത്മാവ് കൊണ്ടു വന്ന അദ്ധ്യാപനങ്ങൾ മുഖേനയോ പൂർണ്ണമാകാത്തതാ യിട്ടില്ല. എന്നാൽ ആ കാലത്ത് ചില വസ്തുതകൾ തിരശ്ശീ ലക്ക് പിന്നിലായിരുന്നു. പ്രത്യക്ഷമാകാത്തതിനാൽ അന്നു ള്ളവരിൽനിന്നും മറഞ്ഞുനിന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് പുതിയ കണ്ടുപിടുത്തങ്ങൾ പ്രത്യക്ഷപ്പെടുകയും അത് ഹിദായത്തിന്റെ പ്രചാരണപൂർ ത്തീകരണത്തിനുള്ള വഴികൾ വെട്ടിത്തെളിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മനുഷ്യന് ഗുണപ്രദമായിട്ടുള്ള ഈ കണ്ടുപിടുത്തങ്ങൾ തിരു നബി(സ) കൊണ്ടുവന്ന മതത്തിന്റെ പ്രചാരണത്തിന് പ്രയോജനപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ പ്രസ്സ് പോലുള്ള ഉദാ ഹരണങ്ങൾ എഴുതുകയുണ്ടായി. സാറ്റലൈറ്റ് പോലുള്ള പലതും ഇന്ന് നാം കാണുന്നുണ്ട്. തിരുനബി (സ) യുടെ പ്രിയദാസനായ വാഗ്ദത്തമസീഹിന്റെ ഇക്കാലത്ത് പലവിധ സംവിധാനങ്ങൾ കൊണ്ടും ദീനിന്റെ പ്രചാരണം നടന്നു കൊണ്ടിരിക്കുന്നു. ഇക്കാലത്ത് വിശുദ്ധഖുർആന്റെയും തിരുനബി(സ)യുടെ അദ്ധ്യാപനങ്ങളുടെയും സ്ഥാനമാന ത്തിന്റെയും പരിപൂർണ്ണതയുടെ അടയാളങ്ങൾ പ്രത്യക്ഷമാ യിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കാണുമ്പോൾ ഒരു വിശ്വാസിയുടെ ഈമാൻ സുദൃഢമായിത്തീരുന്നു. ഇതെല്ലാം നമ്മെ തിരുനബി (സ) ക്ക് കൂടുതലായി സ്വലാത്ത് ചൊല്ലുന്നതിന്ന് പ്രേരണ നൽകുന്നു. '*അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ ബാരിക്ക് വ സല്ലിം ഇന്നക്ക ഹമീദുമ്മജീദ്*'.

ഇത് ചന്ദ്രവർഷത്തിലെയും സൂര്യവർഷത്തിലെയും ആദ്യത്തെ ജുമുആയാണെന്ന് ഞാൻ നേരത്തെ പറയു കയുണ്ടായി. ഇസ്ലാമിക കലണ്ടറിന്റെയും ഭൗതിക കല ണ്ടറിന്റെയും വർഷത്തിലെ പ്രാരംഭവെള്ളിയാഴ്ച ഒരേ ദിവസം ഒരുമിച്ച് കൂടിയത് നമ്മെ ദുആ ചെയ്യുന്നതിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കുന്നതിന് കാരണമാകണം. ചന്ദ്ര വർഷവും സൂര്യവർഷവും ഇതു രണ്ടും അല്ലാഹു ഉണ്ടാ ക്കിയ സംവിധാനം തന്നെയാണ്. ഇസ്ലാമിക കലണ്ടർ എന്നും ഭൗതിക കലണ്ടർ എന്നും ഞാൻ പറയാനുള്ള കാരണം പൊതുവിൽ സൂര്യവർഷക്കണക്ക് ജൂലിയസ് സീസറിന്റെ കാലത്തും പിന്നീട് ക്രിസ്തുമതവുമായി ബന്ധപ്പെട്ടും ഗ്രിഗോറിയൻ കലണ്ടർ എന്ന പേരിലാണ് അറിയപ്പെടുന്നത്. ചന്ദ്രവർഷം ഇസ്ലാമികവീക്ഷ ണത്തി ലാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ രണ്ട് സംവിധാന ങ്ങളും അല്ലാഹു ഉണ്ടാക്കിയത് തന്നെയാണ്. ഇത് രണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) നുശേഷം അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യവർഷം ഒരുമിച്ചുകൂടുകയാണ്. നാം ദുആയിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതുപോലെ നിർവ്വ ഹിക്കുകയാണെങ്കിൽ മതപരവും ഭൗതികവുമായ വിജയ ങ്ങൾ, തിരുനബി(സ)ന്റെ പ്രിയദാസന്റെ ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്ന ജമാഅത്തു മുഖേന ലോകത്തിന് പുതിയ പ്രഭാവത്തോടു കൂടി കാണാൻ സാധിക്കുന്നതാണ്, ഇൻശാ അല്ലാഹ്. ഈ വിജയം തിരുനബി(സ)യുമായി ബന്ധപ്പെട്ടതാണ്. സൂര്യചന്ദ്രവർഷത്തിലെ പ്രഥമ ജുമുആ ഈ അനുഗൃഹീതദിവസത്തിൽ ഒന്നിക്കുക എന്നത് മുഹമ്മദീ മസീഹിന്റെ ഒത്തുചേരലിന്റെ അടയാളങ്ങ ളിൽപ്പെട്ട ഒരടയാളമാണ്. ഈ ദിവസം ഇതിന് മുമ്പും ഒരുമിച്ചു കൂടിയിട്ടുണ്ടാകാം. ഈ രീതിയിൽ ഇതാദ്യമാ യിട്ടാണ് ഒരുമിച്ച് കൂടുന്നത്. ഇൻശാ അല്ലാഹ് അഹ്മദിയ്യാ ജമാഅത്തിന്റെ വിജയത്തിന് പുതിയ മേഘലകളിലേക്ക് പ്രവേശനത്തി നുള്ള ഒരു നാഴികക്കല്ലായിരിക്കുമിത്.

ഇന്ന് ലോകം കളിതമാശകളിൽ മുങ്ങിയിരിക്കയാണ്. കളിതമാശകളുടെ ദുർഗന്ധപൂരിതമായ വെള്ളത്തിൽ മുങ്ങി ത്താണുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ അഹ്മദികൾ, ഓരോ നാട്ടിലെയും ഓരോ ജമാഅത്തും തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ മുമ്പത്തേക്കാളുപരി തങ്ങ ളിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുകയും തങ്ങളുടെ ചുറ്റു പാടിലുള്ള മാർഗഭ്രംശരായ മനുഷ്യരെ ഈ അദ്ധ്യാപന ങ്ങളിലേക്ക് ക്ഷണിക്കുന്നതിന്നായി മുമ്പത്തേക്കാളുപരി പരിശ്രമിക്കേണ്ടതുമാണ്. മാലിന്യത്തിൽ മുങ്ങിക്കുളിച്ചവരെ പുറത്തെടുത്ത് തെളിഞ്ഞ വെള്ളത്തിൽ അവരെ കുളിപ്പി ച്ചുകൊണ്ട് നാമാണ് ഉത്തമ സമുദായമെന്നത് സ്ഥാപിക്കേ ണ്ടതുണ്ട്. ഒരു അഹ്മദിയുടെ ഇക്കാലത്തെ ഏറ്റവും വലിയ ഉത്തരവാദിത്വമാണിത്. ഈ ഉത്തരവാദിത്വത്തെ ശരിയായ രീതിയിൽ നാം ഇന്ന് നിർവ്വഹിക്കുന്നില്ലെങ്കിൽ ഉത്തമസമുദായമാണ് നാമെന്ന് പറയാൻ സാധിക്കില്ല. മുഹമ്മദീമസീഹിന്റെ യഥാർത്ഥ ഹവാരികളാണെന്നും പറയാൻ സാധ്യമല്ല. **നഹ്നു അൻസാറുല്ല** എന്ന് ഏറ്റു പറയുകയും അങ്ങിനെ ഏതു തരം സഹായത്തിനും ഞങ്ങൾ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്ത ആ ഹവാരികളിൽ നാം ഉൾപ്പെടുന്നതല്ല.

അല്ലാഹു തആല ചില കാര്യങ്ങൾ നമുക്ക് കാണിച്ചു തന്നുകൊണ്ട്- ഭൗതികർ അതിനെ യാദൃച്ഛികം എന്നു പറയു മെങ്കിലും- കണ്ടറിയാനുള്ള കാഴ്ചയുണ്ടെങ്കിൽ ചില യാദൃച്ഛികങ്ങൾ അല്ലാഹുവിന്റെ സഹായത്തിലേക്ക് വിരൽ

ചൂണ്ടുന്നവയായിരിക്കും. ഇതെല്ലാം കാണിച്ചു കൊണ്ട് അല്ലാഹു പറയുന്നത് അവന്റെ സഹായം സമീപസ്തമായിരിക്കുന്നു എന്നാണ്. വിജയങ്ങൾ നിങ്ങളുടെ പാദങ്ങളെ ചുംബിക്കാൻ പോകുകയാണ്. അല്ലാഹുതആല പരീക്ഷിക്കുക മാത്രമല്ല ചെയ്യുക, ഓരോ പരീക്ഷണത്തിനും പരീക്ഷക്കും ശേഷം തന്റെ കാരുണ്യത്തിന്റെയും കൃപയുടെയും കവാടങ്ങൾ മുമ്പത്തേക്കാളുപരി തുറന്നിടുന്നു. അതിന് എല്ലാ കഷ്ടതകളും ക്ഷമയോടുകൂടി നേരിട്ടുകൊണ്ട് അവന്റെ മുമ്പിൽ കുമ്പിടുന്നവരായി നാം മാറേണ്ടതാണ്. അവന്റെ കൽപ്പനകൾ കൃത്യനിഷ്ഠയോടുകൂടി മുമ്പത്തേക്കാൾ കൂടുതലായി അനുഷ്ഠിക്കുന്നവരായി നാം മാറണം. ഇതു മുഖേന വിജയം നമ്മുടെ സമീപസ്ഥമാകുന്നതാണ്.

അതുകൊണ്ട് മുഹർറത്തിലേയും ജനുവരിയിലേയും ആദ്യത്തെ വെള്ളിയാഴ്ച ഒരുമിച്ചുകൂടിയ ഈ സുദിനത്തിൽ ലോകത്തുള്ള എല്ലാ അഹ്മദീ സഹോദരീ സഹോദരന്മാരോടും മുതിർന്നവരോടും യുവാക്കളോടും കുട്ടികളോടും സ്ത്രീകളോടും ഞാൻ അപേക്ഷിക്കുന്നത് അർശിലെ അല്ലാഹുവിന് നമ്മോട് പ്രത്യേകമായ സ്നേഹം ഉണ്ടാകുന്ന തരത്തിൽ നിങ്ങളിൽ ഒരു പുതിയ ആവേശം അലതല്ലിച്ചുകൊണ്ട് പുതിയ ഒരാത്മാവോടുകൂടി ഒരാത്മീയ പരിവർത്തനം ഉണ്ടാക്കുകയും നിങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രത്യേക സൗന്ദര്യം ഉണ്ടാക്കിത്തീർക്കുകയും ചെയ്യുക. ആകാശഭൂമികളുടെ ദൈവം, സർവ്വ ശക്തനും പ്രാർത്ഥനകൾ സ്വീകരിക്കുന്നവനുമായ ദൈവം നമ്മുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് തിരുനബി (സ)യുടെ പതാക ലോകം മുഴുവൻ നാട്ടുകയും മഹത്തായ വിപ്ലവം ഉണ്ടാക്കുകയും ചെയ്യുന്ന കാഴ്ച നമ്മുടെ ജീവിതത്തിൽ കാണുവാൻ ഉതകുന്ന രീതിയിൽ നിങ്ങളുടെ ദുആകളെ ഭക്തി സാന്ദ്രമാക്കുക.

ദുആ സ്വീകാര്യതയും മുഹർറം മാസവുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റൊരുകാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഈ മാസത്തിൽ സ്വലാത്ത് ചൊല്ലുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നാണ്. ദുആ സ്വീകരിക്കുന്നതിന് സ്വലാത്ത് ചൊല്ലണമെന്ന് തിരുനബി(സ) നമുക്ക് പറഞ്ഞുതന്നിട്ടുള്ളതാണ്. തുരുനബി(സ) യുടെ സത്യസന്ധനായ പ്രേമി തന്റെ മാതൃകയിലൂടെ സ്വലാത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ മുമ്പാകെ കാണിച്ചുകൊണ്ട് നമ്മുടെ ശ്രദ്ധ പ്രത്യേകമായി ഇതിലേക്ക് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാം എപ്പോഴും ഓർത്തിരിക്കേണ്ട ഒരു കാര്യം സ്വലാത്ത് ചൊല്ലുന്നതിന് നമ്മുടെ അവസ്ഥയും ഉന്നതമാക്കേണ്ടതാണ്എന്നാണ്. അപ്പോൾ മാത്രമേ സ്വലാത്ത് പ്രയോജനം ചെയ്യുകയുള്ളൂ. തിരുനബി (സ) ന് നാം സ്വലാത്ത് ചൊല്ലുമ്പോൾ തിരുനബി(സ)യുടെ സ്ഥാനമാനങ്ങൾ നാം തിരിച്ചറിയണം. സ്വലാത്ത് ചൊല്ലുന്നതിന്റെ മഹത്വത്തെക്കുറിച്ച് ഹദീസുകളിൽ പരാമർശിക്കുന്നുണ്ട്. ചിലത് ഞാനിവിടെ കേൾപ്പിക്കാം.

ഹദ്റത്ത് അബൂ തൽഹാ അൻസാരി (റ) രിവായത്ത് ചെയ്യുന്നു. *ഒരിക്കൽ റസൂൽ (സ) സുബ്ഹിക്ക് വന്നപ്പോൾ അങ്ങയുടെ മുഖത്ത് പ്രത്യേകമായ സന്തോഷം പ്രകടമായിരുന്നു. സഹാബത്ത് ചോദിച്ചു, യാ റസൂലുല്ലാഹ്! ഇന്ന് അങ്ങയുടെ മുഖത്ത് സന്തോഷത്തിന്റെ പ്രത്യേകമായ അടയാളം ദൃശ്യമാണല്ലോ, എന്താണ് കാരണം? തിരുനബി(സ) അരുളി, ശരിയാണ്. അല്ലാഹുവിൽ നിന്നുള്ള ഒരു മലക്ക് വന്ന്കൊണ്ട് എന്നോട് പറഞ്ഞു, നിന്റെ ഉമ്മത്തിൽനിന്ന് എന്നിൽ നല്ല രീതിയിൽ സ്വലാത്ത് ചൊല്ലുന്നവന് അതിന് പകരമായി അല്ലാഹു തആല പത്ത് നന്മകൾ എഴുതുന്നതാണ്. (ഇവിടെ തിരുനബി (സ) നല്ല രീതിയിൽ സ്വലാത്ത് ചൊല്ലുക എന്നാണ് പറഞ്ഞത്) അവന്റെ പത്ത് തിന്മകൾ പൊറുത്തുകൊടുക്കുന്നതുമാണ്. അവന് പത്ത് പദവികൾ ഉയർത്തുന്നതാണ്. നിനക്ക് വേണ്ടി ഏതുരീതിയിലുള്ള അനുഗ്രഹമാണോ അവൻ ആവശ്യപ്പെട്ടത് അതേ രീതിയിലുള്ള അനുഗ്രഹങ്ങൾ അവന് നൽകുകയും ചെയ്യുന്നതാണ്.*

ഇവിടെ തിരുനബി (സ) സന്തോഷിച്ചത് അല്ലാഹു തന്റെ ഉമ്മത്തിൽ ഇറക്കുന്ന കാരുണ്യത്തെ ഓർത്തുകൊണ്ടായിരുന്നു. അതുകൊണ്ട് ഈ അനുഗ്രഹം കരസ്ഥമാക്കുന്നതിന് മുന്നോട്ട് കുതിക്കുക എന്നതാണ് നമ്മുടെ ജോലി. നിസ്വാർത്ഥരായിക്കൊണ്ട് തിരുനബി (സ) യിൽ സ്വലാത്ത് ചൊല്ലുക. നമ്മുടെ തിന്മകൾ അകറ്റുന്നതിന് ശ്രമിക്കുക. ഭാവിയിലും നന്മകൾ ചെയ്യാൻ തൗഫീഖ് ലഭിക്കുന്നതിന്നായി അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചുകൊണ്ട് നമ്മുടെ ഈ ലോകവും പരലോകവും നന്നാക്കാൻ ശ്രമിക്കുക.

മറ്റൊരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് അബൂ ബക്കർ സിദ്ദീഖ് (റ) നിവേദനം ചെയ്യുന്നു. *തിരുനബി (സ) അരുളി. ആരാണോ എനിക്കുവേണ്ടി സ്വലാത്ത് ചെയ്യുന്നത് ഖിയാമത്ത് നാളിൽ ഞാൻ അവർക്ക് ശഫാഅത്ത് (ശുപാർശ)ചെയ്യുന്നതാണ്.*

സ്വലാത്ത് ചൊല്ലുന്നവർക്ക് ലഭിക്കുന്ന സ്ഥാനമാണിത്. ആദ്യത്തെ ഹദീസിൽ പറഞ്ഞത് അവരുടെ പദവികൾ ഉയരും എന്നും അവരുടെ തിന്മകൾ പൊറുക്കപ്പെടും എന്നുമാണ്. പിന്നീട് പറഞ്ഞത് ഞാൻ അവർക്കായി ശഫാഅത്ത് ചെയ്യും എന്നുമാണ്. എന്നാൽ തിരുനബി (സ) ശഫാഅത്ത് ചെയ്യുന്നവർക്ക് മറ്റുള്ള മുസ്‌ലിംകളോട് അവരുടെ ഹൃദയത്തിൽ വിദ്വേഷവും പകയും ഉണ്ടാകുമോ? അങ്ങിനെയുള്ളവർക്കാണോ തിരുനബി (സ) ശുപാർശ ചെയ്യുക? *അല്ലാഹുമ്മ സല്ലി അലാ മുഹ മ്മദിൻ വ ആലി മുഹമ്മദിൻ* എന്ന് ചൊല്ലുമ്പോൾ തിരുനബി(സ)യുടെ 'ആലി'നോട് കുടുംബത്തോട് അവർക്ക് വല്ല വിദ്വേഷവും പകയും ഉണ്ടാകാൻ പാടുണ്ടോ? ഇവർക്ക് അങ്ങയുടെ സ്വഹാബത്തിനോട് വിദ്വേഷവും പകയും ഉണ്ടാകാൻ സാധ്യതയുണ്ടോ? ഈ ഒരു കാര്യം മുസ്‌ലിംകൾ മനസ്സിലാക്കിയിരുന്നെങ്കിൽ പരസ്പരമുള്ള വെറുപ്പും വഴക്കുകളും എല്ലാം അവസാനിക്കുന്നതായിരിക്കും. തിരുനബി(സ)യുടെ ശഫാഅത്ത് ലഭിക്കാനും തിരുനബി(സ)യുടെ പദവികൾ ഉയരുന്നതിനും വേണ്ടി സ്വലാത്ത് അതർഹിക്കുന്ന രീതിയിൽ തന്നെ

ചൊല്ലേണ്ടതാണ്. അതിന്നായി പരസ്പരമുള്ള വിദ്വേഷവും പകയും എല്ലാം അവസാനിപ്പിക്കേണ്ടതായി വരും. കാരണം തിരുനബി(സ)ക്കായി സ്വലാത്ത് ചൊല്ലുകയും എന്നാൽ ഹൃദയം പരസ്പരം ഭിന്നിച്ചിരിക്കുകയും ചെയ്യുന്നവർക്കായി അല്ലാഹുവിന്റെ റസൂൽ (സ) ശഫാഅത്ത് ചെയ്യുമോ? തിരുനബി(സ) ഹൃദയങ്ങളെ കൂട്ടി ഇണക്കാനാണ് വന്നത്. അങ്ങയെ വിശ്വസിച്ചവരെ കുറിച്ച് അല്ലാഹു തആല പറഞ്ഞിരിക്കുന്നത് **റുഹമാഉ ബൈനഹും** എന്നാണ്. പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്നവരാണവർ. എന്നാൽ പരസ്പരം കാരുണ്യം കാംക്ഷിക്കുന്ന ഒരവസ്ഥയിലാണോ ഇന്ന് മുസ്‌ലിംകൾ ഉള്ളത്? ഇത് മുഹർറ മാസമാണ്. ഓരോ വർഷവും നാം കേൾക്കാറില്ലേ, 'ഇന്ന സ്ഥലത്ത് ശിആക്കളുടെ പ്രകടനത്തിനു നേരെ ആക്രമണമുണ്ടായി, ഇന്ന ഇമാമിനെ ആക്രമിച്ചു എന്നൊക്കെ. മതപരിജ്ഞാനമുണ്ടെന്ന് കണക്കുകൂട്ടുന്ന, നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ സുന്നത്തനുസരിച്ച് മിമ്പറിൽ നിന്നുകൊണ്ട് ആ മിമ്പറിന്റെ സ്ഥാനം മനസ്സിലാക്കിക്കൊണ്ട് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശം നൽകുന്നവരാണെന്ന് പ്രതീക്ഷിക്കുന്ന ഭൗതികതയിൽ ആണ്ടിരിക്കുന്ന ഈ പണ്ഡിതന്മാർ പ്രതീക്ഷകൾക്ക് വിരുദ്ധമായി റസൂൽ (സ) ന്റെ മിമ്പറിൽ നിന്നുകൊണ്ട് വിദ്വേഷത്തിന്റെ സന്ദേശമാണ് നൽകുന്നത്. സ്നേഹത്തിന്റെ ദൂതന്മാരായിത്തീരുന്നതിനു പകരം വെറുപ്പിന്റെ പ്രചാരകരായി അവർ മാറുന്നു. ഇതുകാരണം പാകിസ്ഥാനിൽ ഗവൺമെന്റിന് ഇന്ന മൗലവിക്ക് ഇന്ന ഇന്ന സ്ഥലങ്ങളിൽ പോകുന്നതിന് വിലക്കുണ്ടെന്ന് പ്രഖ്യാപിക്കേണ്ടിവരുന്നു. അത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുയും ചെയ്യുന്നു. ഇവർ മറ്റുള്ളവരെ കുറിച്ച് ജനഹൃദയങ്ങളിൽ വെറുപ്പ് വിതക്കാതിരിക്കാനാണ് ഇങ്ങിനെയുള്ള വിലക്കുകൾ ഏർപ്പെടുത്തുന്നത്. ഒരു ഭാഗത്ത് വിശുദ്ധഖുർആന്റെയും സുന്നത്തിന്റെയും അദ്ധ്യാപനം നൽകുകയും മറുഭാഗത്ത് വിദ്വേഷത്തിന്റെ വിത്ത് വിതക്കുകയും ചെയ്യുന്നവരുടെ അവസ്ഥയാണിത്. ഇവർ വെറുപ്പിന്റെ മതിലുകളാണ് ഓരോ സ്ഥലത്തും പടുത്തുയർത്തുന്നത്. ഗവൺമെന്റിന് ഓരോവർഷവും ഈ രീതിയിലുള്ള നടപടികൾ എടുക്കേണ്ടിവരുന്നു. കർബലയിൽ ആത്മഹത്യ സ്ഫോടനങ്ങൾ നടത്തുന്നു. ശിയാ സുന്നി സംഘട്ടനം നടക്കുന്നു. ഇതു തടയുന്നതിനായി, നാട്ടിൽ കുഴപ്പങ്ങൾ ഇല്ലാതിരിക്കാനായി ഗവൺമെന്റിന് ഉലമാക്കളുടെ കമ്മറ്റികൾ ഉണ്ടാക്കേണ്ടിവരുന്നു. മുഹർറം ശാന്തിയോടെ കഴിഞ്ഞുപോയാൽ തന്നെയും വെറുപ്പിന്റെ തീ ഹൃദയങ്ങളിൽ ആളിക്കത്തുന്നത് പിന്നീട് പുറത്ത് വന്ന് പ്രശ്നമുണ്ടാക്കുന്നു. അങ്ങിനെ വർഷം മുഴുവനും അവർക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടായിക്കൊ ണ്ടിരിക്കുന്നു. ഇരുകൂട്ടരും പ്രത്യക്ഷത്തിൽ മുസ്‌ലിംകളും സ്വലാത്ത് ചൊല്ലുന്നവരുമാണ്. ഇങ്ങിനെയുള്ളവർക്കാണോ റസൂൽ(സ) ശുപാർശ ചെയ്യും എന്ന് പറഞ്ഞത്? ചിന്തിക്കേണ്ട കാര്യമാണിത്. അതിനാൽ റസൂൽ(സ)യുമായി ബന്ധപ്പെട്ടവരാണെന്ന് പറയുന്നവർ റസൂൽ(സ)ന്റെ യഥാർത്ഥസന്ദേശം മനസ്സിലാക്കുന്നവരായിത്തീരട്ടെ എന്ന് നാം ദുആ ചെയ്യേണ്ടതാണ്. അവർക്ക് സ്വലാത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കട്ടെ. ഇന്ന് മുസ്‌ലിം സമൂഹം അപകടകരമായ പരിതസ്ഥിതിയിലാണുള്ളത്. ഈ അവസരത്തിൽ ഇവർക്ക് ഐക്യത്തോടുകൂടി വർത്തിക്കാൻ കഴിയുമാറാകട്ടെ. ശത്രുവിന്റെ കരിങ്കണ്ണ് ഇവർക്ക് ഒരു നഷ്ടവും വരുത്തി വെക്കാതിരിക്കട്ടെ.

നാം സ്വലാത്ത് ചൊല്ലുമ്പോൾ റസൂൽ(സ)യുടെ കുടുംബത്തിനും സ്വലാത്ത് ചൊല്ലാറുണ്ട്. അപ്പോൾ റസൂൽ(സ)തിരുമേനിയുടെ കുടുംബവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആത്മീയവും ഭൗതികവുമായ ബന്ധങ്ങളെ കുറിച്ചും ഓർമ്മ വരുന്നു. തിരുനബി(സ) യുടെ രക്തബന്ധുക്കൾ, അവർ ആത്മീയബന്ധവും വേണ്ടും വിധം നിലനിർത്തുകയുണ്ടായി. വളരെ ഉത്തമമായ രീതിയി ലാണ് അവരത് നിർവ്വഹിച്ചത്. അങ്ങിനെ ഉള്ളവരെ ക്കുറിച്ച് മോശമായ വാക്കുകൾ പറയാനുള്ള ചിന്ത പോലും ഒരു യഥാർത്ഥവിശ്വാസിയിൽ ഉണ്ടാവില്ല. സ്വലാത്ത് ചൊല്ലുമ്പോൾ അങ്ങിനെയുള്ളവർ ആദരപൂർവ്വം നമ്മുടെ മനസ്സിൽ തെളിഞ്ഞുവരികയാണ് ചെയ്യുന്നത്. ഇതേ പോലെ തന്നെ തിരുനബി(സ)യുടെ സഹാബത്ത്, അവർ തങ്ങളുടെ ജീവൻ പോലും വിലവെക്കാതെ റസൂൽ(സ) തിരുമേനിയുടെ പുണ്യശരീരത്തെ ചെറിയ പോറലുകളിൽനിന്ന് രക്ഷപ്പെടുത്തുന്നതിന്നായി തങ്ങളുടെ നെഞ്ചുകൾ വിരിച്ച് മുന്നോട്ടുകുതിച്ചു. ആ സഹാബാക്കളിൽ തിരുനബി (സ) യോടൊപ്പം ഗുഹയിൽ കൂടെ ഉണ്ടായിരുന്ന കൂട്ടുകാരനുമുൾപ്പെടുന്നു. അദ്ദേഹത്തോട് തിരുനബി (സ) ഒരവസരത്തിൽ പറഞ്ഞു *'ലാ തഹ്സൻ ഇന്നല്ലാഹ മഅനാ' നീ ദുഃഖിക്കരുത് അല്ലാഹു നമ്മുടെ കൂടെയുണ്ട്.* ഈ സംഭവം വിവരിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)വിനെ റസൂൽ(സ)യുടെ എന്നെന്നുമുള്ള യഥാർത്ഥ സുഹൃത്തായി പ്രഖ്യാപിക്കുകയുണ്ടായി. ഹിജ്റത്ത് സമയത്ത് റസൂൽ തിരുമേനി(സ)ക്ക് അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളുടെയും പങ്കാളിയായും അദ്ദേഹത്തെ മാറ്റുകയുണ്ടായി. ഇങ്ങിനെയുള്ള വരിഷ്ഠവ്യക്തികളുടെ മഹത്വത്തിന് കുറവ് വരുന്ന രീതിയിൽ അവരെക്കുറിച്ച് മോശമായി സംസാരിക്കുക എന്നത് ഒരു മുസ്‌ലിമിന് ഒട്ടും ചേർന്നതല്ല. തിരുനബി(സ)ന്റെ കുടുംബത്തിൽ രക്തബന്ധത്തിൽപെട്ടവരല്ലാത്ത തിരുനബി(സ)യുമായി ആത്മീയമായി ബന്ധപ്പെട്ടവരും ഉൾപ്പെടുന്നു. അതുകൊണ്ട് പരസ്പരം വെറുപ്പിന്റെ മതിലുകൾ ഉയർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മുസ്‌ലിംകളാണെന്ന് പറയുന്നവർ തന്നെ പരസ്പരം വിദ്വേഷത്തിന്റെ വിത്ത് വിതക്കുന്നത് നാം കാണുമ്പോൾ നാം ചെയ്യേണ്ടത് കൂടുതലായി സ്വലാത്ത് ചൊല്ലുക, ദുആ ചെയ്യുക എന്നതാണ്. സഹതാപത്തോടുകൂടി മുസ്‌ലിം സമുദായത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു സ്വലാത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായി ഇവരെ മാറ്റട്ടെ. അങ്ങിനെ മുസ്‌ലിംകൾ **റുഹമാഉ ബൈ നഹും** എന്ന ദൃശ്യം കാണുമാറാകട്ടെ. അവർക്ക് വേണ്ടി പ്രാർത്ഥിക്കൽ നമ്മുടെ കടമ കൂടിയാണ്.

സ്വലാത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ചും അഹ്‌ലെ ബൈത്തുമായുള്ള ബന്ധത്തെക്കുറിച്ചും ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയ ജ്ഞാനങ്ങൾ ഞാൻ കേൾപ്പിക്കാം. ആ മഹാത്മാവ് പറയുന്നു.

*ഒരിക്കൽ ഒരു ഇൽഹാം ഉണ്ടായി. അതിന്റെ അർത്ഥം ഇതാണ്. ആത്മീയ മണ്ഢലത്തിലുള്ളവർ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ദീനിനെ ജീവിപ്പിക്കാൻ അല്ലാഹുവിന്റെ ഉദ്ദേശം ശക്തമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ദീനിനെ ജീവിപ്പിക്കുന്ന വ്യക്തി ആരെന്ന് മലക്കുകൾക്ക് അതുവരെ അറിയില്ലായിരുന്നു. അതു കൊണ്ടാണ് മലക്കുകൾക്കിടയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. ഈ അവസരത്തിൽ ഞാൻ സ്വപ്നത്തിൽ കാണുകയാണ്– ആളുകൾ ദീനിനെ ജീവിപ്പിക്കാൻ പറ്റിയ ഒരാളെ അന്വേഷിച്ച് നടക്കുകയാണ്. ഒരാൾ ഈ വിനീതന്റെ അടുത്ത് വന്ന് ആംഗ്യം കാണിച്ചുകൊണ്ട് പറഞ്ഞു,* ***ഹാദാ റജുലുൻ യുഹിബ്ബു റസൂലുല്ലാഹ്.*** *റസൂൽ (സ) യെ സ്നേഹിക്കുന്ന വ്യക്തി ഇദ്ദേഹമാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് ഈ ഒരു സ്ഥാനത്തിന് വേണ്ടി പ്രഥമമായ ഗുണം തിരുനബി(സ) യോടുള്ള പ്രേമമാണ്. അത് ഈ വ്യക്തിയിൽ അടങ്ങിയിരിക്കുന്നു.*

**'സല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദിൻ സയ്യിദി വുൽദെ ആദമ വ ഖാത്തമന്നബിയ്യീൻ'** ഈ ഇൽഹാമിൽ മുഹമ്മദ് നബി (സ) യുടെ കുടുംബത്തിനും സ്വലാത്ത് ചൊല്ലാൻ പറഞ്ഞതിൽ അടങ്ങിയിരിക്കുന്ന രഹസ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന്ന് അഹലെ ബൈത്തിനോടുള്ള സ്നേഹവും ഒരു പ്രധാന ഘടകമാണെന്നാണ്. ആരാണോ അല്ലാഹുവിന്റെ സമീപസ്ഥരിൽ പ്രവേശിക്കുന്നത് അവരും മുമ്പുള്ള പരിശുദ്ധരുടേയും വരിഷ്ഠരുടെയും അനന്തരാവകാശികളായിരിക്കും. അറിവിലും ജ്ഞാനത്തിലും അവർ മുമ്പുള്ളവരുടെ പിൻതുടർച്ചക്കാരായിരിക്കും. ഈ അവസരത്തിൽ എനിക്ക് വ്യക്തമായ ഒരു കശ്ഫ് ഓർമ്മ വന്നു. ഞാൻ ഒരിക്കൽ മഗ്‌രിബ് നമസ്കാരത്തിനുശേഷം, ഉണർന്നിരിക്കുന്ന അവസ്ഥയിൽനിന്ന് ആത്മീയമായ അവസ്ഥയിൽ ഒരു മയക്കത്തിലെന്നപോലെ ഒരു പ്രത്യേകലോകം ദർശിക്കുകയുണ്ടായി. അപ്പോൾ എനിക്ക് കുറച്ച് പേർ നടന്നുവരുന്ന ശബ്ദം കേൾക്കാൻ സാധിച്ചു. വേഗത്തിൽ നടക്കുമ്പോൾ ചെരുപ്പുകൾ വലിച്ചിഴക്കുന്നതുപോലുള്ള ശബ്ദം ഞാൻ കേട്ടു. ആ സമയത്ത് പ്രഗല്ഭരും ജനമനസ്സുകളിൽ സ്ഥാനം പിടിച്ചവരും സുസ്മേരവദനരുമായ അഞ്ചുപേർ എന്റെ മുമ്പിൽ വന്നു. അല്ലാഹുവിന്റെ പ്രവാചകൻ (സ), ഹദ്‌റത്ത് അലി(റ), ഹസ്നൈൻ, ഹദ്‌റത്ത് ഫാത്തിമത്തു സുഹ്‌റ (റളിയല്ലാഹു അൻഹും അജ്മ ഈൻ) എന്നിവർ. അതിൽ ഹദ്‌റത്ത് ഫാത്തിമത്തു സ്സുഹ്‌റ (റ) വളരെ സ്നേഹത്തോടും കാരുണ്യത്തോടും കൂടി വാത്സല്യനിധിയായ മാതാവിനെപ്പോലെ ഈ വിനീതന്റെ തല തന്റെ മടിയിൽ വെച്ചു. അതിന് ശേഷം ഒരു ഗ്രന്ഥം എനിക്ക് നൽകപ്പെട്ടു. അതിനെക്കുറിച്ച് പറയപ്പെട്ടത് ഇത് ഹദ്‌റത്ത് അലി(റ) എഴുതിയ വിശുദ്ധഖുർആന്റെ വ്യാഖ്യാനഗ്രന്ഥമാണെ ന്നാണ്. ഈ തഫ്സീർ ഇപ്പോൾ ഹദ്‌റത്ത് അലി(റ) താങ്കൾക്ക് നൽകുകയാണ്. അൽഹംദുലില്ലാഹി അലാ ദാലിക്ക്.'

ഇത് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) കണ്ട ഒരു കശ്ഫായിരുന്നു. ഇതിനെ വളച്ചൊടിച്ച് ജനസമക്ഷം സമർപ്പിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഹദ്‌റത്ത് ഫാത്തിമ(റ)യെ അപമാനിച്ചു (നഊദുബില്ലാഹ്) എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. യഥാർത്ഥത്തിൽ ഈ ആക്ഷേപത്തിന് കാരണം ആക്ഷേപകരുടെ ദുഷ്പ്രകൃതമാണ്. കുഴപ്പമുണ്ടാക്കുന്ന മൗലവിമാർ ഈ ഉദ്ധരണി പൂർണ്ണരൂപത്തിൽ ജനങ്ങളുടെ മുമ്പാകെ വെക്കാറില്ല. പൊതുജനങ്ങൾ അജ്ഞതകാരണം അതല്ലെങ്കിൽ പലതും കേൾപ്പിച്ചുകൊണ്ട് അവരെ അന്ധരാക്കിയ കാരണത്താൽ യാഥാർത്ഥ്യമെന്താണെന്ന് നോക്കാൻ അവർ കൂട്ടാക്കുകയുമില്ല. ആക്ഷേപകർ ജനങ്ങളുടെ മുമ്പാകെ വെക്കാറുള്ളത് മിർസാ സാഹിബിന്റെ തല ഫാത്തിമ (റ) തന്റെ മടിയിൽ വെച്ചു എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു എന്നാണ്. ഇവരുടെ ഉള്ളിൽ മാലിന്യം കുന്നുകൂടിയിരിക്കുന്നത് കൊണ്ട് അവർക്കങ്ങിനെ ചിന്തിക്കാനേ സാധിക്കുകയുള്ളു. അതിൽനിന്നും മുക്തിപ്രാപിക്കാൻ ഇക്കൂട്ടർക്ക് സാധ്യമല്ല. ഹദ്‌റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞത് 'വളരെ സ്നേഹത്തോടെയും കാരുണ്യത്തോടെയും വാത്സല്യനിധിയായ മാതാവിനെപ്പോലെ ഈ വിനീതന്റെ ശിരസ് തന്റെ മടിയിൽ വെച്ചു' എന്നാണ്. വാത്സല്യനിധിയായ മാതാവ് എന്ന വാക്കിൽനിന്ന് ആർക്കെങ്കിലും വല്ല അശ്ലീല ചിന്തയും വരുമോ? അശ്ലീല പ്രകൃതമുള്ള മുല്ലാക്കളുടെ ചിന്തകളിലല്ലാതെ മറ്റാർക്കും വേറൊരു വിധത്തിൽ ചിന്തിക്കാൻ കഴിയില്ല.

ഈ കശ്ഫ്കളിൽ നിന്നും ഇൽഹാമുകളിൽനിന്നും ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ മസീഹ് മഹ്ദിയുടെ സ്ഥാനമാനങ്ങൾ മനസ്സിലാകുന്നു. ഈ സ്ഥാനം കരസ്ഥമായത് തിരുനബി (സ) യോടുള്ള അവാച്യമായ സ്നേഹം കാരണം ആ മഹാത്മാവ് തിരുനബി(സ) ക്ക് അയച്ച സ്വലാത്ത് മുഖേനയാണ്. രണ്ടാമത്തെ കാര്യം ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് '*സ്വല്ലിഅലാ മുഹമ്മദിൻ വആലി മുഹമ്മദിൻ*' എന്ന ഇൽഹാമിൽ നിഗൂഢമായിരിക്കുന്ന വസ്തുത അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ അഹ്‌ലെ ബൈത്തിനെ സ്നേഹിക്കുന്ന വരാകേണ്ടതും അനിവാര്യമാണെന്നാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാൻ ആ പരിശുദ്ധരും പവി ത്രരുമായവരുടെ പിൻതുടർച്ചക്കാരാകേണ്ടതും നിർബന്ധം തന്നെ. അതുകൊണ്ട് അല്ലാഹുവിന്റെ സമീപസ്ഥരാകാൻ ആഗ്രഹിക്കുന്നവർ ആ പരിശുദ്ധരേയും പവിത്രരേയും അനുധാവനം ചെയ്യേണ്ടതും നിർബന്ധമാണ്. തിരുനബി(സ)യുടെ പ്രിയരോടുള്ള സ്നേഹം കാരണമായി അവർക്കും അല്ലാഹു തന്റെ സാമീപ്യം നൽകി അനുഗ്രഹിക്കുന്നു. തന്റെ പ്രിയതമന്റെ പ്രിയരേയും സ്നേഹിക്കുക എന്നതാണ് യഥാർത്ഥസ്നേഹം. ഈ ഒരു യാഥാർത്ഥ്യം മുസ്‌ലിംകൾ

മനസ്സിലാക്കിയിരുന്നെങ്കിൽ അവർ ഒരിക്കലും പരസ്പരം വെറുപ്പിന്റെ മതിലുകൾ നിർമ്മിക്കുമായിരുന്നില്ല. വെറുപ്പിന്റേയും വിദ്വേഷത്തിന്റെയും മതിലുകൾ തീർക്കുന്ന ഈ പണ്ഢിതരും നാമധാരികളായ മുല്ലാക്കളും തങ്ങളുടെ വ്യക്തിതാത്പര്യത്തിന്റെ പേരിലും അഹംഭാവത്തിന്റെ പേരിലുമാണ് ഇതെല്ലാം ചെയ്യുന്നത്. എന്നാൽ തങ്ങളുടെ ജീവിതം മുഴുവനും **റുഹമാഉ ബൈനഹും** എന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായിരുന്ന ഭക്തദാസരുടെ പേരുകളാണ് ഇവർ ഈ വെറുപ്പും വിദ്വേഷവും പരത്തുന്നതിന്നായി ഉപയോഗിക്കുന്നത്. അതുകൊണ്ട് സാധാരണക്കാരും ഇതിനെക്കുറിച്ച് ചിന്തിക്കുക. കണ്ണുംപൂട്ടി ആരുടെയെങ്കിലും പിന്നിൽ ക്കൂടാതെ തങ്ങളുടെ ബുദ്ധി പ്രയോഗിക്കുക. റസൂലുല്ലാഹി(സ) അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന്നായി നമുക്ക് പഠിപ്പിച്ചുതന്ന പ്രാർത്ഥനയിൽ അല്ലാഹുവിന്റെ സ്നേഹത്തിനോടൊപ്പം അല്ലാഹുവിന്റെ സ്നേഹത്തിൽ വർദ്ധനവിന് കാരണമാകുന്നവരുടെ സ്നേഹവും തേടാൻ പറയുന്നുണ്ട്. ഒരു ദുആ ഇപ്രകാരമാണ്.

**അല്ലാഹുമ്മർസുക്നീ ഹുബ്ബക്ക വഹുബ്ബ മൻയൻഫഉ ഹൂ ഹുബ്ബഹൂ ഇന്ദക്ക**

അല്ലാഹുവേ നിന്റെ സ്നേഹം നീ എനിക്ക് പ്രദാനം ചെയ്യേണമേ. നിന്റെ പക്കൽ ആരുടെ സ്നേഹമാണോ പ്രയോജനപ്രദമാകുന്നത് അവരുടെ സ്നേഹവും നീ എനിക്ക് നൽകേണമേ.

തിരുനബി(സ) യോടുള്ള സ്നേഹമാണ് ഏറ്റവും പ്രയോജനപ്രദമായിട്ടുള്ളത്. ഈ സ്നേഹം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന്ന് കാരണമായിത്തീരുന്നതാണ്. തിരുനബി(സ) സ്നേഹിച്ചവരെ സ്നേഹിക്കുന്നതും ദൈവസാമീപ്യത്തിന് കാരണമായിത്തീരുന്നതാണ്. നമ്മുടെ കടമ തിരുനബി(സ)യുടെ എല്ലാ കൽപ്പനകളും പാലിക്കുകയും എല്ലാ പ്രവർത്തനവും ചെയ്യുകയും ചെയ്യുക എന്നതാണ്. അതോടൊപ്പം തിരുനബി(സ) സ്നേഹിച്ചവരെ നാമും സ്നേഹിക്കേണ്ടതാണ്. തിരുനബി(സ) തന്റെ ഭൗതികവും ആത്മീയവുമായ കുടുംബത്തെ സ്നേഹിച്ചിട്ടുണ്ട് എന്നതിന് ഹദീസുകളിൽ എത്രയോ നിവേദനങ്ങൾ കാണാവുന്നതാണ്. അവരോടുള്ള സ്നേഹപ്രകടനം മുമ്പ് പറഞ്ഞ ഹദീസിൽ നിന്ന് മനസ്സിലാകുന്നതാണ്. തിരുനബി(സ)ക്ക് സ്വലാത്ത് അയക്കുന്നവർക്ക് പ്രതിഫലം ലഭിക്കും എന്നറിഞ്ഞതിൽ തിരുനബി(സ) സന്തോഷിക്കുന്നു. അന്നുള്ള സഹാബക്കൾക്ക് മാത്രമായിരുന്നില്ല ഈ അനുഗ്രഹം.മറിച്ച് ഖിയാമത്ത് നാൾ വരെ തിരുനബി(സ)യിൽ സ്വലാത്ത് ചൊല്ലുന്നവരോട് അല്ലാഹു കാരുണ്യത്തിൽ വർത്തിക്കുന്നതാണ്. അതുകൊണ്ടാണ് തിരുനബി(സ) സന്തോഷിച്ചിരുന്നത്. സന്തോഷം ഉണ്ടാകണമെങ്കിൽ യഥാർത്ഥ സ്നേഹം ഉണ്ടായിരിക്കണം. ഈ അടിസ്ഥാനആശയം മുസ്ലിംകൾ മനസ്സിലാക്കിയിരുന്നെങ്കിൽ ഒരിക്കലും ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല. പരസ്പരം പള്ളികൾ ആക്രമിക്കുകയോ ആത്മ ഹത്യ സ്ഫോടനങ്ങൾ നടത്തുകയോ ചെയ്യുമായിരുന്നില്ല. ഉലമാക്കൾക്ക്, പ്രത്യേകിച്ച് മുഹർറമാസത്തിൽ, ഇന്ന സ്ഥലത്ത് പോകരുതെന്ന വിലക്കൊന്നും ഉണ്ടാകുമായിരുന്നില്ല.

നമ്മുടെ ജോലി അവരുടെ നന്മക്കായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുക എന്നതാണ്. ഒരു കാലത്ത് പരസ്പരം സ്നേഹത്തിലും സഹവർത്തിത്വത്തിലും ജീവിച്ചിരുന്ന നാം ഇന്ന് വിവിധ സംഘങ്ങളായിപ്പിരിഞ്ഞുകൊണ്ട് പരസ്പരം വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും അഗ്നിസ്ഫുരണങ്ങൾ ഉതിർക്കുന്നവരായി മാറിയില്ലേ എന്ന് മുസ്ലിംകൾ ചിന്തിക്കട്ടെ! ഈ ഉമ്മത്തിന് ആരുടെ ശാപമാണ് കിട്ടിയിരിക്കുന്നത്?. നമുക്ക് ഇത്രമാത്രം ശിക്ഷ ലഭിക്കാൻ ഏത് ആജ്ഞയാണ് നാം ലംഘിച്ചത്?ചിന്തിക്കുക. ചിന്തിക്കുക. അവരവരുടെ ന്യൂനതകളെന്താണെന്ന് അന്വേഷിക്കുക.

അതുകൊണ്ട് ഈ മാസത്തിൽ നാം അഹ്മദികൾ കൂടുതലായി സ്വലാത്ത് ചൊല്ലുകയും, മുസ്ലിം ഉമ്മത്ത് പരസ്പരം തമ്മിലടിക്കുന്നതിൽനിന്നും തമ്മിൽ കുഴപ്പ ങ്ങൾ ഉണ്ടാക്കുന്നതിൽനിന്നും രക്ഷപ്പെടുന്നതിന്ന് കൂടുത ലായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നു. അതേപോലെ തിരുനബി(സ)യുടെ കുടുംബത്തോടും സ്വഹാബത്തിനോടും നമ്മുടെ പ്രിയ യജമാനൻ സ്നേഹിച്ച എല്ലാവരോടും നാം സ്നേഹം പുലർത്തേണ്ടതാണ്. തിരുനബി(സ) യുടെ മകൾ , അവർ തിരുനബിയോട് ആത്മീയബന്ധവും നിലനിർത്തുകയുണ്ടായി, അവരേയും നാം സ്നേഹിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് ഹുസൈൻ (റ) വിനെ കുറിച്ച് പറയുന്നു. 'ഹുസൈൻ (റ) പരിശുദ്ധനും പരിശുദ്ധീകരിക്കപ്പെട്ടവനുമായിരുന്നു. അല്ലാഹു തആല തന്റെ കരങ്ങളെക്കൊണ്ട് വിശുദ്ധീകരിക്കപ്പെട്ടവരിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തെ അല്ലാഹു തന്റെ സ്നേഹത്താൽ നിറക്കുകയും ചെയ്തിരുന്നു. അദ്ദേഹം സ്വർഗ്ഗത്തിലെ നേതാക്കന്മാരിൽ പെട്ടവരാണെന്നതിൽ ഒരു സംശയവുമില്ല. അദ്ദേഹത്തോട് ഒരു അണുവോളം വിദ്വേഷം വെക്കുക എന്നത് തന്നെ ഈമാൻ നഷ്ടപ്പെടുന്നതിന്ന് കാരണമായിത്തീരുന്നതാണ്. ഈ ഇമാമിന്റെ തഖ്വയും ദൈവസ്നേഹവും ക്ഷമയും സ്ഥിരചിത്തതയും ഭക്തിയും ആരാധനയും നമുക്ക് ഉത്തമമാതൃകയാകുന്നു. അദ്ദേഹത്തോട് ശത്രുത പുലർത്തുന്ന ഹൃദയം നശിച്ചുപോയി. പ്രത്യക്ഷമായ രൂപത്തിൽ അദ്ദേഹത്തോട് സ്നേഹം പുലർത്തുന്ന ഹൃദയം വിജയിക്കുകയും ചെയ്തു.

ഓരോ അഹ്മദിക്കും ഹദ്റത്ത് ഹുസൈൻ (റ) വിനോട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലുള്ള സ്നേഹമാണ് ഉണ്ടാവേണ്ടത്. ഇതേപോലെ സഹാബത്തിന്റെ സ്ഥാനമഹത്വവും നമ്മുടെ ഹൃദയത്തിൽ ഉണ്ട്. ഇതു സംബന്ധമായും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസ്മാൻ (റ) എന്നിവരുടെ സ്ഥാനമാനങ്ങളും നമ്മുടെ ഹൃദയത്തിൽ കുടിയിരിക്കുന്നുണ്ട്. ഒരു കൂട്ടരോട് കൂടുതൽ സ്നേഹവും മറ്റുള്ളവരോട് സ്നേഹക്കുറവും നമുക്കില്ല. അല്ലാഹുവിനേയും അവന്റെ റസൂലി(സ)നെയും സ്നേഹിക്കുന്ന എല്ലാവരെയും നാമും സ്നേഹിക്കുന്നു.

സ്വഹാബത്തിന്റെ സ്ഥാനം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

*ആദരണീയരായ സഹാബത്ത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മാർഗ്ഗത്തിൽ പൂർണ്ണമായ സമർപ്പണം നടത്തിയതിന്റെ ഫലമായി* **റളിയല്ലാഹു അൻഹും വറളൂ അൻഹു** *എന്ന ശബ്ദം അവർക്ക് കേൾക്കാൻ സാധിച്ചു.* (അല്ലാഹു അവരിൽ തൃപ്തനായി, അവർ അല്ലാഹുവിലും തൃപ്തരായി) *സ്വഹാബത്തിന് ലഭിച്ച ഏറ്റവും ഉന്നതമായ സ്ഥാനമായിരുന്നു ഇത്.*

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)നെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

*ആ മഹാത്മാവ് ഇസ്‌ലാമിന്റെ രണ്ടാം ആദമും ഖൈറുൽ അനാമിന്റെ (സൃഷ്ടികുലോത്തമൻ) പ്രതിരൂപവുമായിരുന്നു. അദ്ദേഹം നബി അല്ലായിരുന്നെങ്കിലും നബിമാരുടേയും റസൂൽമാരുടേയും കഴിവുകൾ അദ്ദേഹത്തിൽ ഉണ്ടായിരുന്നു.*

ഹദ്റത്ത് ഉമർ(റ)നെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

*അദ്ദേഹത്തെക്കുറിച്ച് ഹദീസിൽ വന്നിരിക്കുന്നു, ശൈത്താൻ ഉമർ(റ)ന്റെ നിഴൽ കാണുമ്പോൾ ഓടിപ്പോകുന്നു. മറ്റൊരു ഹദീസ്: എനിക്ക് ശേഷം ഒരു നബി ഉണ്ടാകുമായിരുന്നെങ്കിൽ അത് ഉമർ(റ) ആകുമായിരുന്നു. മൂന്നാമത്തെ ഹദീസ്; മുമ്പുള്ള സമുദായങ്ങളിൽ മുഹദ്ദസീങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഉമ്മത്തിൽ വല്ല മുഹദ്ദസും ഉണ്ടെങ്കിൽ അത് ഉമർ ആണ്.*

നമുക്ക് റസൂൽ (സ) ന്റെ പ്രിയരും പ്രിയരാണ്. അല്ലാഹു തആല മുസ്‌ലിം ഉമ്മത്തിന് എല്ലാവിധ ഭിന്നിപ്പും അവസാനിപ്പിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇന്ന് പുറമേനിന്നും എതിർപ്പുകൾ ശക്തമാണ്. അതിനാൽ ഒറ്റക്കെട്ടായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയാണ് നാം ഇന്ന് ചെയ്യേണ്ടത്.

ഇസ്രായേലും ഫലസ്തീനും തമ്മിൽ ഇപ്പോൾ യുദ്ധം നടക്കുകയാണ്. ഇവിടെയും യഥാർത്ഥ വഴികാട്ടി ഇല്ലാത്തതുകാരണം മർദ്ദിതരായ ഫലസ്തീനികൾ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് മാർഗം കാണിച്ചു തന്നിട്ടുണ്ട്. അദ്ദേഹം പറയുന്നു; മതത്തിന്റെ പേരും പറഞ്ഞ് നിങ്ങൾ ചെയ്യുന്ന യുദ്ധങ്ങൾ ഒന്നും വിജയിക്കുന്നതല്ല. ഇപ്പോഴുള്ള യുദ്ധത്തിൽ ഒരു തുല്ല്യതയുമില്ല. ഈ പ്രശ്നങ്ങളെല്ലാം ചർച്ചയിലൂടെ പരിഹരിക്കുന്നതാണ് ബുദ്ധി. ഇതു മുഖേന എത്രയോ നിഷ്ക്കളങ്കരുടെ ജീവൻ രക്ഷിക്കാൻ സാധിക്കുന്നതാണ്. ഇസ്രായേൽ ആക്രമിക്കുന്നത് നിഷ്ക്കളങ്കരായ ജനതയെയാണ്. അവർ ലക്ഷ്യം വെക്കുന്നവരും മരിക്കുന്നുണ്ടെന്നത് ശരിയാണെങ്കിൽ തന്നെ യും പല നിഷ്ക്കളങ്കരും മരിക്കുന്നില്ലെ? ഇവിടെയുള്ള പത്രങ്ങളും എഴുതാൻ തുടങ്ങി, 'ഒരാൾക്ക് പകരം നിങ്ങൾ നൂറ്റിഅൻപത് പേരെയാണ് വധിക്കുന്നത്' എന്ന്. അവരോടുള്ള (ഇസ്രായേലിനോടുള്ള) അല്ലാഹുവിന്റെ നടപടിക്രമം അത് ഏതെങ്കിലും യുദ്ധത്തിലൂടെയല്ല നടക്കുക. അല്ലാഹു തആലയുടെ തഖ്ദീർ അത് സ്വയം വെളിപ്പെടുത്തുന്നതാണ്. അത് എങ്ങിനെ വെളിപ്പെടുമെന്ന് നമുക്ക് അറിയില്ല. വിശുദ്ധഖുർആനിൽ നിന്ന് ഇതാണ് നമുക്ക് മനസ്സിലാകുന്നത്. അതുകൊണ്ട് ഫലസ്തീനികൾക്ക് അവരുടെ പ്രതിരോധം ചെയ്യണമെന്നുണ്ടെങ്കിൽ അതിന് മുസ്‌ലിംകളുടെ വല്ല സഹായവുമുണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു കൊണ്ട് ദുആ ചെയ്യുക. ദുആ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുക. അല്ലാഹു അക്രമികളെ പിടികൂടുന്നതാണ്. അവൻ പിടികൂടുക തന്നെ ചെയ്യും. എന്നാൽ മുസ്‌ലിംകൾ കാലത്തിന്റെ ഇമാമിന്റെ ശബ്ദം തിരിച്ചറിയേണ്ടതാണ്. എനിക്ക് ഇവിടെ മറ്റുള്ളവരോട് പറയാനുള്ള അവസരം ലഭിക്കുമ്പോൾ ഞാൻ പറയാറുള്ളത് 'നീതിയുടെ തേട്ടം പൂർത്തിയാക്കപ്പെടുന്നില്ലെങ്കിൽ യുദ്ധത്തിന്റെ കെടുതിയിലേക്ക് നിങ്ങളെ വലിച്ചുകൊണ്ടുപോകുന്നതാണെന്ന് ഓർക്കുക. നിഷ്കളങ്കരായവരെ അക്രമിച്ച് രക്ഷപ്പെടും എന്ന് നിങ്ങൾ കരുതേണ്ട. അത്കൊണ്ട് നിങ്ങളുടെ ഭാവിതലമു റയെ ഈ നാശത്തിൽനിന്ന് രക്ഷിച്ചുകൊണ്ട് നീതി നടപ്പിൽ വരുത്താൻ ശ്രമിക്കുക' എന്നാണ്. അല്ലാഹു ഈ വൻശക്തികൾക്ക് നീതി നടപ്പിൽ വരുത്തുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇങ്ങിനെയല്ലെങ്കിൽ ഇത് ഒന്നോ രണ്ടോ രാജ്യങ്ങളുടെ പ്രശ്നമാവില്ല. ഇപ്പോൾ പ്രത്യക്ഷത്തിൽ നോക്കുമ്പോൾ ഭയാനകമായ നാശം ലോകത്തുടനീളം വരാൻ പോകുന്നതായി തോന്നുന്നു. അല്ലാഹു അഹ്മദികളായ നമുക്ക് ലോകത്തെ ഈ നാശത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിന് ദുആ ചെയ്തുകൊണ്ടും സ്വലാത്ത് ചൊല്ലിക്കൊണ്ടും സഹായിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ലോകർ ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുമാറാകട്ടെ. അല്ലാഹു ഈ പുതുവർഷം അഹ്മദികൾക്ക് ആയിരക്കണക്കിന് അനുഗ്രഹങ്ങളുടേയും ബർക്കത്തുകളുടേയും വർഷമാക്കിത്തീർക്കട്ടെ. അല്ലാഹുവിന്റെ ഫള്ൽകൊണ്ട് പുതിയ പുതിയ വിജയങ്ങൾ ഈ വർഷത്തിൽ ദർശിക്കുന്നവരായി നാം മാറട്ടെ. അല്ലാഹു തആല ഓരോ അഹ്മദിക്കും ഈ വർഷം എല്ലാരീതിയിലും അനുഗ്രഹ പൂർണ്ണമാക്കിത്തീർക്കട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

KHUTHBA:

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 01 -01 - 2009 at**
**Baitul Futuh**
**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**